# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.08.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) നീറ്റ് ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ പാർലമെൻറിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. ഇരുസഭകളും രണ്ട് മണിവരെ നിർത്തിവച്ചു.

   **Opposition protests continued in Parliament today over various issues, including NEET. Both Houses were adjourned till 2 p.m.**

2) അന്താരാഷ്ട്ര യുവജന ദിനത്തിൽ രാജ്യത്തെ യുവതയ്ക്ക് ആശംസകൾ നേർന്ന് പാർലമെൻറ് . സംസ്ഥാനത്തിന്റെ പേര് കേരളം എന്ന് മാറ്റുന്ന, പുനർനാമകരണ ബിൽ രാജ്യസഭ ഇന്ന് പരിഗണിക്കും.

   **Parliament extended greetings to the youth of the country on International Youth Day. The Rajya Sabha will consider the renaming Bill to change the name of the state to Keralam today.**

3) ഹർഘർ തിരംഗ പ്രചാരണത്തിൽ എല്ലാ ജനങ്ങളും പങ്കാളികളാകണമെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ. എല്ലാവരും ദേശീയപതാക അഭിമാനപൂർവ്വം ഉയർത്തണമെന്നും ആഹ്വാനം.

   **Vice President C. P. Radhakrishnan called upon all citizens to participate in the Har Ghar Tiranga campaign. He urged everyone to hoist the national flag with pride.**

4) മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദിന്റെ ആത്മകഥ പ്രകാശനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi released the autobiography of former President Ram Nath Kovind.**

5) കർക്കടക വാവ് ദിനത്തിൽ സംസ്ഥാനത്തെ ബലിതർപ്പണ കേന്ദ്രങ്ങളിൽ വൻ തിരക്ക്. പിതൃതർപ്പണ ചടങ്ങുകൾ വൈകീട്ട് മൂന്ന് മണിവരെ തുടരും.

**There was a huge rush at various Balitharpanam centres across the state on Karkkadaka Vavu day. The ancestral tribute rituals will continue until 3 p.m.**

6) മുംബൈയിലെ ഘട്കോപാർ മേഖലയിൽ ഇന്ന് പുലർച്ചെയുണ്ടായ മണ്ണിടിച്ചിലിൽ ആറ് മരണം. രക്ഷാപ്രവർത്തനം പുരോഗമിക്കുന്നു.

**Six people were killed in a landslide in Mumbai's Ghatkopar area early this morning. Rescue operations are underway.**

## LS – ADJOURN

നീറ്റ് വിഷയത്തിൽ സമരം ചെയ്ത വിദ്യാർത്ഥികൾക്കെതിരായ പോലീസ് നടപടി ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ പാർലമെൻറിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. ഇരുസഭകളും രണ്ട് മണിവരെ നിർത്തിവച്ചു. ലോക്സഭയിൽ ചോദ്യോത്തര വേള ആരംഭിച്ചപ്പോൾ തന്നെ നീറ്റ് വിഷയവും, അയോധ്യ രാമക്ഷേത്രത്തിലെ സംഭാവന ക്രമക്കേടും ഉൾപ്പെടെ ഉന്നയിച്ച് പ്രതിപക്ഷം പ്രതിഷേധം ആരംഭിച്ചു. സഭാനടപടികളുമായി പ്രതിപക്ഷം സഭകരിക്കണമെന്നും, നീറ്റ് വിഷയത്തിൽ സഭയിൽ പ്രസ്താവന നടത്താൻ കേന്ദ്ര

ആഭ്യന്തരമന്ത്രി അമിത് ഷാ തയ്യാറാണെന്നും സ്പീക്കർ ഓം ബിർള അറിയിച്ചെങ്കിലും പ്രതിപക്ഷം ബഹളം തുടർന്ന സാഹചര്യത്തിൽ നടപടികൾ നിർത്തിവയ്ക്കുകയായിരുന്നു. രാജ്യസഭയിലും സമാനമായ രീതിയിലുള്ള പ്രതിഷേധമാണ് നടന്നത്.

❁❁❁❁❁❁❁❁❁❁❁❁

## YOUTH DAY PARLIAMENT (INTRO)

അന്താരാഷ്ട്ര യുവജന ദിനത്തിൽ രാജ്യത്തെ യുവതയ്ക്ക് ആശംസകൾ നേർന്ന് പാർലമെൻറ് . യുവജനങ്ങളുടെ പ്രാഗത്ഭ്യം ആഗോളതലത്തിൽ രാജ്യത്തിന് അംഗീകാരം നേടിക്കൊടുക്കുന്നതായി സ്പീക്കർ ഓം ബിർള അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസം, ശാസ്ത്രം, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കാൻ ഇന്ത്യൻ യുവതയ്ക്ക് സാധിച്ചതായും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

യുവജനങ്ങൾ അഭിമുഖീകരിക്കുന്ന സാംസ്കാരിക, രാഷ്ട്രീയ പ്രശ്നങ്ങളിലേക്കു വെളിച്ചം വീശുന്നതിനാണ് ഓഗസ്റ്റ് 12 അന്താരാഷ്ട്ര യുവജനദിനമായി ആചരിക്കുന്നത്. ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ 2000 മുതലാണ് ദിനാചരണം ആരംഭിച്ചത്.

❁❁❁❁❁❁❁❁❁❁❁❁

## PARLIAMENT TODAY

സംസ്ഥാനത്തിന്റെ പേര് കേരളം എന്ന് മാറ്റാനുള്ള, പുനർനാമകരണ ബിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് രാജ്യസഭയിൽ അവതരിപ്പിക്കും. ബിൽ ലോക്സഭ ഇന്നലെ പാസാക്കിയിരുന്നു. ദേശീയ സഹകരണ വികസന കോർപ്പറേഷൻ നിയമ ഭേദഗതി ബില്ലും രാജ്യസഭ ഇന്ന് പരിഗണിച്ചേക്കും.

## AMIT SHAH

നീറ്റ് വിദ്യാർത്ഥി സമരം ഉൾപ്പെടെ ഏത് വിഷയത്തിലും പ്രതിപക്ഷത്തിൻറെ ചോദ്യത്തിന് മറുപടി നൽകാൻ സർക്കാർ തയ്യാറാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. പ്രതിപക്ഷത്തിന് ഇത് സംബന്ധിച്ച നോട്ടീസ് സ്പീക്കർക്ക് നൽകാവുന്നതാണെന്നും, മൂന്ന് മണി മുതൽ ചർച്ച നടത്താമെന്നും അദ്ദേഹം പാർലമെൻറ് സമുച്ചയത്തിൽ മാധ്യമങ്ങളോട് പറഞ്ഞു.

## C P RADHAKRISHNAN

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് പ്രചോദനമായിരുന്ന വന്ദേമാതരം, രാജ്യത്തിൻറെ സ്വത്വത്തെ ഇന്നും ശക്തിപ്പെടുത്തുന്നതായി ഉപരാഷ്ട്രപതി C.P.രാധാകൃഷ്ണൻ. സാംസ്കാരിക മന്ത്രാലയം സംഘടിപ്പിച്ച ഹർഘർതിരംഗ ബൈക്ക് റാലിയെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കൊളോണിയൽ

ഭരണത്തിനെതിരായ പോരാട്ടത്തിൽ ഇന്ത്യൻ ജനതയെ യോജിപ്പിച്ച് നിർത്താൻ വന്ദേമാതരത്തിലെ വരികൾക്ക് സാധിച്ചതായും അദ്ദേഹം പറഞ്ഞു. ഹർഘർ തിരംഗയിൽ എല്ലാവരും പങ്കാളികളാകണമെന്നും, ദേശീയപതാക അഭിമാനപൂർവ്വം ഉയർത്തണമെന്നും ഉപരാഷ്ട്രപതി ജനങ്ങളോട് ആഹ്വാനം ചെയ്തു.

**EDITOR:ANILA B, SOURCE: NEWSPOOL, CNRT:ANILA(NE), READER: CAROL ABRAHAM, DEO:SANDHYA RANI G S**

## PM-BOOK RELEASE (INTRO)

മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദിന്റെ ആത്മകഥ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ പ്രകാശനം ചെയ്തു. ജീവിതയാത്രയുടെ ആഴത്തിലുള്ള വിവരണമാണ് 'ട്രയംഫ് ഓഫ് ദി ഇന്ത്യൻ റിപ്പബ്ലിക്: മൈ ലൈഫ്, മൈ സ്ട്രഗിൾസ്' എന്ന പേരിലുള്ള ആത്മകഥയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രാഷ്ട്ര വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ശ്രീ രാം നാഥ് കോവിന്ദ് ഇന്നും സജീവമായി ഇടപെടുന്നതായി പ്രധാനമന്ത്രി ചടങ്ങിൽ പറഞ്ഞു. അദ്ദേഹത്തിൻറെ ജീവിതയാത്രയെക്കുറിച്ച് പഠിക്കാ നും, അത് മാതൃകയാക്കാനും ശ്രീ മോദി രാജ്യത്തെ യുവതലമുറയോട് അഭ്യർത്ഥിച്ചു.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁

**RAJNATH- DR VIKRAM SARABHAI**

ഇന്ത്യൻ ബഹിരാകാശ പദ്ധതിയുടെ പിതാവായി അറിയപ്പെടുന്ന ഡോക്ടർ വിക്രം സാരാഭായുടെ ജന്മവാർഷിക ദിനത്തിൽ ആദരം അർപ്പിച്ച് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിങ്ങ്. ശാസ്ത്രമേഖലയിലെ അദ്ദേഹത്തിൻറെ ദീർഘ വീക്ഷണം ഇന്ത്യയുടെ ബഹിരാകാശ യാത്രയ്ക്ക് അടിത്തറ പാകിയതായി കേന്ദ്രമന്ത്രി അനുസ്മരിച്ചു. ശാസ്ത്രം ജനജീവിതത്തെ മെച്ചപ്പെടുത്തുമെന്ന വിക്രം സാരാഭായുടെ ആശയം ഇന്ത്യയെ പുതിയ ദിശയിലേക്ക് നയിച്ചതായും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁

**MAHA -LANDSLIDE**

മുംബൈയിലെ ഘട്കോപാർ മേഖലയിൽ ഇന്ന് പുലർച്ചെയുണ്ടായ മണ്ണിടിച്ചിലിൽ ആറ് മരണം. നാല് പേർക്ക് പരുക്കേറ്റതായാണ് റിപ്പോർട്ടുകൾ. കനത്ത മഴയെത്തുടർന്ന് ചിരാഗ് നഗറിൽ ഇന്ന് പുലർച്ചെ നാല് മണിയ്ക്കടുത്താണ് അപകടം ഉണ്ടായത്. മേഖലയിൽ രക്ഷാ പ്രവർത്തനം പുരോഗമിക്കുകയാണ്.

❁❁❁❁❁❁❁❁❁❁❁❁

## KARKKIDAKA VAVU (INTRO)

കർക്കടക വാവ് ദിനത്തിൽ സംസ്ഥാനത്തെ ക്ഷേത്രങ്ങൾ ഉൾപ്പടെയുള്ള ബലിതർപ്പണ കേന്ദ്രങ്ങളിൽ വൻ തിരക്ക്. പിതൃമോക്ഷ പുണ്യം തേടി ലക്ഷക്കണക്കിന് വിശ്വാസികളാണ് ബലിതർപ്പണത്തിനു എത്തിയത്. പിതൃതർപ്പണ ചടങ്ങുകൾ വൈകീട്ട് മൂന്ന് മണിവരെ തുടരും. തിരുമുല്ലവാരം മഹാവിഷ്ണു ക്ഷേത്രം, ആറന്മുള പാർഥസാരഥി ക്ഷേത്രം, പമ്പാത്രിവേണി, നാഗമ്പടം മഹാദേവർ ക്ഷേത്രം, ഭാരതപ്പുഴയിലെ സ്നാനഘട്ടങ്ങൾ, ബാവലി പുഴയോരം, തിരുനാവായ നാവാമുകുന്ദ ക്ഷേത്രം, തുടങ്ങിയ കേന്ദ്രങ്ങളിലെല്ലാം വിപുലമായ ക്രമീകരണങ്ങൾ ഒരുക്കിയിരുന്നു. വയനാട് തിരുനെല്ലി മഹാവിഷ്ണു ക്ഷേത്രത്തിൽ ആയിരങ്ങളാണ് ഇന്ന് ബലിതർപ്പണത്തിനെത്തിയത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ് .....***

***(വോയിസ്)***

## INDIA –US NAVY

ഇന്ത്യ-യുഎസ് നാവികസേനകളുടെ സംയുക്ത അഭ്യാസപ്രകടനം കൊച്ചിയിലെ ദക്ഷിണ നാവിക കമാൻഡിൽ പുരോഗമിക്കുന്നു. സ്ഫോടകവസ്തു

നിർവീര്യമാക്കൽ സംബന്ധിച്ച 5 ദിവസത്തെ അഭ്യാസം വെള്ളിയാഴ്ച സമാപിക്കും.

❁❁❁❁❁❁❁❁❁❁❁❁

## PRESIDENT

2024, 2025 വർഷങ്ങളിലെ സംഗീത നാടക അക്കാദമി ഫെലോഷിപ്പുകളും അവാർഡുകളും രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിൽ സമ്മാനിക്കും. 115 കലാകാരന്മാർക്കാണ് പുരസ്കാരം നൽകുന്നത്. കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്തും സഹമന്ത്രി റാവു ഇന്ദർജിത് സിംഗും പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁

## BHUPENDER YADAV-ENVIRONMENT DAY

ഇന്ന് ലോക ആന ദിനം. ആനകളുടെ സംരക്ഷണം ശക്തിപ്പെടുത്താൻ രാജ്യത്ത് നിരവധി നടപടികൾ സ്വീകരിച്ചു വരുന്നതായി കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ് സമൂഹ മാധ്യമത്തിൽ കുറിച്ചു. 33 ആന റിസർവുകൾ, ശാസ്ത്രീയ പിന്തുണയോടെ വികസിപ്പിച്ച 150 ആനത്താരകൾ ,മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള നിരവധി നടപടികൾ എന്നിവ ഇതിൻറെ ഭാഗമായി നടപ്പാക്കിയതായും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁

## PRAGGNANANDHAA-CHESS TOUR

യുഎസിലെ സെയിൻറ് ലൂയിസിൽ നടക്കുന്ന സിൻക് ഫീൽഡ് കപ്പ് ചെസ് ടൂർണമെന്റ് രണ്ടാം റൗണ്ടിൽ ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ ആർ.പ്രഗ്നാനന്ദ യ്ക്ക് വിജയം. ഉസ്ബക്കിസ്ഥാൻ ഗ്രാൻഡ്മാസ്റ്റർ ജവോകിർ സിന്ദറോവിനെയാണ് പരാജയപ്പെടുത്തിയത്. 95 നീക്കങ്ങൾ ഉണ്ടായിരുന്ന മത്സരത്തിൽ ഉടനീളം ആധിപത്യം പുലർത്തിക്കൊണ്ടാണ്, ടൂർണമെന്റിലെ ആദ്യ വിജയം പ്രഗ്നാനന്ദ നേടിയത്.

❁❁❁❁❁❁❁❁❁❁❁❁

## COMMONWEALTH FENCING

നൈജീരിയയിലെ ലാഗോസിൽ നടക്കുന്ന കോമൺവെൽത്ത് ഫെൻസിംഗ് ചാമ്പ്യൻഷിപ്പിൽ മികച്ച മെഡൽ നേട്ടവുമായി ഇന്ത്യ. ആദ്യ ദിനം 17 മെഡലുകൾ നേടിയ ഇന്ത്യൻ ഫെൻസർമാർ രണ്ടാം ദിനവും മികച്ച പ്രകടനം കാഴ്ചവെച്ചു. സീനിയർ പുരുഷ വിഭാഗം മത്സരങ്ങളിൽ ഇന്നലെ കരൺ സിങ്ങും, ഷെർജിൻ ശാന്തിമോളും ഇന്ത്യയ്ക്കായി സ്വർണ്ണ മെഡലുകൾ നേടി.

❁❁❁❁❁❁❁❁❁❁❁❁

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 637 പോയിന്റ് ഇടിഞ്ഞ് 77,517 ലും

ദേശീയ ഓഹരി സൂചിക നിഫ്റ്റി 197 പോയിന്റ് നഷ്ടത്തിൽ 24,275 ലും, വ്യാപാരം തുടരുന്നു.

സ്വർണ്ണ വില കൂടി. ഗ്രാമിന് 95 രൂപ കൂടി 14,195 രൂപയും പവന് 760 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 13,560 രൂപയുമാണ് ഇന്നത്തെ സ്വർണ്ണ നിരക്ക്.

## EZHIMALA

എൺപതാം സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ഏഴിമല നാവിക അക്കാദമിയിലെ നേവി ബാൻഡിന്റെ പ്രത്യേക സംഗീത പരിപാടി നാളെ നടക്കും. കണ്ണൂരിലെ സെക്യൂറ സെന്റർ പരിസരത്ത് വൈകുന്നേരം 6 മണിക്കാണ് പരിപാടി. സ്വാതന്ത്ര്യത്തിന്റെ ആവേശവും രാജ്യസ്നേഹത്തിന്റെ അഭിമാനവും പകർന്നുനൽകുന്ന ദേശഭക്തിഗാനങ്ങളും സംഗീതാവിഷ്കാരങ്ങളും അരങ്ങേറും. പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാണ്.

## NORKA

പ്ര വാസി മലയാളികൾക്കായി നടപ്പാക്കുന്ന 'നോർക്ക കെയർ പ്ലസ് ' സമഗ്ര ആരോഗ്യ - അപകട ഇൻഷുറൻസ് പദ്ധതിയുടെ പുതിയ എൻറോൾമെൻറ് ഘട്ടത്തിൻറെ ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ ഈ മാസം 18 ന് നിർവഹിക്കും.

സെപ്റ്റംബർ 18 വരെ പദ്ധതിയിൽ അംഗമാകാൻ അവസരമുണ്ട്. 2026 മാർച്ചിൽ ആരംഭിച്ച നോർക്ക കെയർ പ്ലസിൽ ഏപ്രിലിൽ വരെ 32,000 പ്രവാസി കുടുംബങ്ങൾ അംഗങ്ങളായി.

## PINARAYI

സംസ്ഥാനത്ത് കാലാവർഷക്കെടുതിയെ തുടർന്നുള്ള ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾക്ക് പ്രതിപക്ഷത്തിന്റെ പൂർണ സഹകരണമുണ്ടാകുമെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. മഴക്കെടുതിയിൽ മരിച്ചവരുടെ കുടുംബത്തിലെ ഒരു അംഗത്തിന് സർക്കാർ ജോലി നൽകണമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. രക്ഷാപ്രവർത്തനത്തിനിടെ മരിച്ച ആർ രാജേഷിന്റെ ഭാര്യക്കും സർക്കാർ ജോലി നല്കണമെന്നും കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് സർക്കാർ ഏറ്റെടുക്കണമെന്നും ശ്രീ പിണറായി വിജയൻ ആവശ്യപ്പെട്ടു.